പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6737

12.07.2012-ലെ മറുപടിയ്ക്ക്

**കെയർ കേരള**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.ഡി സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഐ.സി ബാലകൃഷ്ണൻ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംയോജിത ഗവേഷണത്തിനും വികസനത്തിനുമായി കെയർകേരള ആരെല്ലാമായിട്ടാണ് ധാരണയുണ്ടാക്കിയിട്ടുള്ളത്; | (എ) കിൻഫ്രയും കേരളത്തിലെ 53 ആയുർവേദ മരുന്നുല്പാദകരും സംയുക്തമായി ചേർന്ന് കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിൻെറ കീഴിലുള്ള ആയുഷ് വകുപ്പിലെ സ്കീം ഫോർ ഡെവലപ്പ്മെൻറ് ഓഫ് ആയുഷ് ക്ലസ്റ്ററിൻെറ കീഴിൽ ആരംഭിക്കുന്ന ആയുർവേദ മരുന്ന് കയറ്റുമതിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള നൂതന സംരംഭമാണ് കെയർ കേരളം.<br>സംയോജിത ഗവേണഷത്തിനും ഉയർന്ന വികസനത്തിനുമായി കെയർ കേരള താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്.<br>• ഡിപ്പാർട്ട്മെൻറ് ഓഫ് സയൻറിഫിക് & ഇൻഡസ്ട്രിയൽ റിസേർച്ച് , ഗവൺമെൻറ് ഓഫ് ഇൻഡ്യ.<br>• നാഷണൽ ഇന്നോവേഷൻ കൗൺസിൽ, ഗവൺമെൻറ് ഓഫ് ഇൻഡ്യ.<br>• കൗൺസിൽ ഫോർ സയൻറിഫിക് & ഇൻഡസ്ട്രിയൽ റിസേർച്ച്, ഗവൺമെൻറ് ഓഫ് ഇൻഡ്യ.<br>• വാരിയേഴ്സ് ഹോസ്പിറ്റൽ & പഞ്ചകർമ്മാ സെൻറർ, കായംകുളം<br>• സരോജാ എക്സ്ട്രാക്ഷൻസ്, കാസർഗോഡ് |

| | | | |
|---|---|---|---|
| (ബി) | ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.<br>• ആയുർവേദ രംഗത്തെ സാങ്കേതിക വിദഗ്ദ്ധരുടെ കഴിവുകൾ വികസിപ്പിക്കുക.<br>• ആയുർവേദ മേഖലയിലെ മരുന്നുകളുടെ ഗുണനിലവാര ഏകീകരണം.<br>• ത്വക് രോഗങ്ങൾ ഫലപ്രദമായി ചികിത്സിക്കുന്നതിനുവേണ്ടി വെള്ള ചെണ്ണയുടെ മൂല്യ വർദ്ധന വികസിപ്പിക്കുക.<br>• പരമ്പരാഗത ആയുർവേദ മരുന്നുകളുടെ നവീകരണം. |
| (സി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത ധാരണയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്? | (സി) | ആയുർവേദ മേഖലയിലെ മരുന്നുകളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉയർത്തുക, ആയുർവേദത്തിന് ജനങ്ങൾക്കിടയിൽ കൂടുതൽ സ്വീകാര്യത വരുത്തുക എന്നിവയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ